എക്സാമിനർക്ക് രാസപരിശോധനയ്ക്കായി അയച്ചു. കെമിക്കൽ എക്സാമിനർ ഇത് ഉപയോഗയോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്രാൻറിന്റെ വിൽപ്പന തൽക്കാലത്തേക്ക് നിർത്തിവച്ചിട്ടുണ്ട്.

(ഇ) 5,12,000 രൂപയ്ക്കുള്ള ബ്രാൻഡി വാങ്ങിയതിൽ 2,74,100 രൂപയ്ക്കുള്ള ബ്രാൻഡി വിറ്റഴിഞ്ഞു. 2,37,900 രൂപയ്ക്കുള്ള ബ്രാൻഡി ബാക്കിയുണ്ട്.

(എഫ്) കോർപ്പറേഷൻ ഡയറക്ടർ ബോർഡാണ് പർച്ചേസ് നടത്തുന്നത്.

(ജി) മായം ചേർത്തതാണോ എന്നു വിശദമായ പരിശോധന കൂടാതെ പറയാൻ നിർവാഹമില്ല. അതേ സമയം പ്രസ്തുത കുപ്പി മദ്യം മാത്രം ഉപയോഗയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എച്ച്) ഗവൺമെൻറ് കെമിക്കൽ എക്സാമിനറുടെ തിരുവനന്തപുരം ലബോറട്ടറിയിലാണ് പരിശോധന നടത്തിയത്.

ബിവറേജസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മദ്യത്തിലെ മായം

332. (414) ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ്ജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബിവറേജസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മദ്യത്തിൽ മായം കലർന്നിട്ടുണ്ടെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ യാത്രാസൗജന്യം

333. [415) ശ്രീ. സി. എസ്. തോമസ് :
,, പി. സി. ജോർജ്ജ് :
,, ടി. എസ്. ജോൺ ;
,, ഇ. ജെ. ലൂക്കോസ് :
,, വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. ആർ. ടി. സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ യാത്രാ സൗജന്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ കെ. എസ്. ആർ. ടി. സി. യിലെ ടെക്നിക്കൽ ഡയറക്ടർ ശ്രീമാൻ നിർമ്മലൻ തമ്പിയോട് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ഇതുവരേയും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly